**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **11-10-2024 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എന്ന് മുതലാണ് റെഗുലർ കോഴ്സുകൾ ആരംഭിച്ചത്; എത്ര ജീവനക്കാരേയും, അധ്യാപകരേയും സ്ഥിരം/ ഡെപ്യൂട്ടേഷൻ/കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; | (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 2022-23 അധ്യയന വർഷം ജൂലൈ-ആഗസ്റ്റ് മുതലാണ് റെഗുലർ കോഴ്സുകൾ ആരംഭിച്ചത്.<br><br>ഡെപ്യൂട്ടേഷൻ മുഖാന്തരം 10 ജീവനക്കാരെയും, കരാർ വ്യവസ്ഥയിൽ 163 ജീവനക്കാരെയും ദിവസ വേതന വ്യവസ്ഥയിൽ 4 ജീവനക്കാരെയും യൂണിവേഴ്സിറ്റിയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | സ്ഥിരനിയമനങ്ങൾ നടത്തുന്നതിനുള്ള തടസ്സം എന്താണ്; എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | (ബി) | സ.ഉ.(കൈ).നം. 516/2021/ഉ.വി.വ. തീയതി 11/11/2021 പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ അനുവദിച്ച തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം ആകെ 118 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | സ്ഥിരനിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി. യെ ചുമതലപ്പെടുത്താൻ സർവകലാശാല നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേ ഴ്സിറ്റി ആക്ടിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം അപ്രകാരം ആയിരിക്കുമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ